# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2373 06-12-2018 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. സണ്ണി ജോസഫ്** | **ഡോ. ടി.എം. തോമസ് ഐസക്**<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### സംസ്ഥാനത്തിന് ലഭിച്ച വരുമാനം

| | | |
|---|---|---|
| (എ) | 2017-2018 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിച്ച വരുമാനം പ്രതീക്ഷിച്ചതി നേക്കാൾ കുറവായിരുന്നോ ; കുറവായിരുന്നെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ ; | 2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനം പ്രതീക്ഷിച്ചിരുന്ന റവന്യു വരുമാനം 93,584.74 കോടി രൂപയായിരുന്നുവെങ്കിലും 83,020.14 കോടി രൂപയാണ് ലഭിച്ചത്. അപ്രതീക്ഷിതമായ നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും ചരക്കു സേവന നികുതി നടപ്പിലാക്കിയപ്പോഴുണ്ടായ സാങ്കേതിക പ്രശ്നങ്ങളും സംസ്ഥാനത്തിന്റെ തനത് നികുതി, നികുതിയേതര സമാഹരണത്തിൽ കാര്യമായ പ്രതിസന്ധി ഉണ്ടാക്കിയിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര ധനസഹായമായി പ്രതീക്ഷിച്ചിരുന്ന തുക ലഭിക്കാതിരുന്നതും റവന്യു വരുമാനത്തിൽ കുറവ് വരുന്നതിന് കാരണമായി. |
| (ബി) | കേന്ദ്ര നികുതി വിഹിതത്തിൽ പ്രതീക്ഷിച്ച വരുമാനം ലഭിച്ചിട്ടു ണ്ടോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ? | കേന്ദ്ര നികുതി വിഹിതത്തിൽ പ്രതീക്ഷിച്ചതിന്റെ 99.65% തുകയും ലഭിക്കുകയുണ്ടായി. |

**അക്കൗണ്ട്സ് ഓഫീസർ**